പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 170

# 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 24-11-2018

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 170

# 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

1487/2018.

# 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

## 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റ് (2008-ലെ 18) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2018 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 5-ാം വകുപ്പിന്റെ ഭേദഗതി.—2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റിലെ (2008-ലെ 18) (ഇതിനു ശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 5-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിലെ (ഐ) ഇനത്തിൽ "കൂടാതെ" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്;

(ii) (1)-ാം ഉപവകുപ്പിലെ (ജെ) ഇനത്തിന് പകരം താഴെ പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ജെ) 9 എ വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള മത്സ്യത്തൊഴിലാളികളുടെ വായ്പാ തുക സർക്കാർ ഏറ്റെടുക്കുന്നതിന് ശിപാർശ ചെയ്യുന്നതിനും;

(കെ) 9 എ വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് പുതിയ വായ്പ അനുവദിക്കുന്നതിന് മത്സ്യത്തൊഴിലാളി സഹകരണസംഘത്തിന് ഉത്തരവ് നല്കുന്നതിനും; കൂടാതെ

(എൽ) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും അത്തരം മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും ചെയ്യുന്നതിനും.";

(iii) (6)-ാം ഉപവകുപ്പിന് ശേഷം താഴെ പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"(7) (2)-ാം ഉപവകുപ്പിലെയോ 9 എ വകുപ്പിലെയോ 11-ാം വകുപ്പിലെയോ ഏതെങ്കിലും വ്യവസ്ഥയ്ക്കോ, അങ്ങനെയുള്ള വ്യവസ്ഥകൾ പ്രകാരം സർക്കാരോ കമ്മീഷനോ പുറപ്പെടുവിക്കുന്ന ഉത്തരവിനോ അവാർഡിനോ എതിരെ ഏതെങ്കിലും തരത്തിലുള്ള നടപടി, ഉത്തമർണ്ണ സ്ഥാപനം, ധനകാര്യ സ്ഥാപനം എന്നിവ ഒഴികെ ഏതൊരാളും സ്വീകരിച്ചാൽ അയാൾക്കെതിരെ അച്ചടക്ക നടപടി ശിപാർശ ചെയ്യുന്നതിനും ഒരു ലക്ഷം രൂപയിൽ കവിയാത്ത തുക പിഴയായി ചുമത്തുന്നതിനും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുവാൻ സർക്കാരിനോട് ശിപാർശ ചെയ്യുന്നതിനും കമ്മീഷന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിനോ, പിഴ ചുമത്തുന്നതിനോ, പ്രോസിക്യൂഷൻ നടപടികൾ ശിപാർശ ചെയ്യുന്നതിനോ മുൻപ് ബന്ധപ്പെട്ട വ്യക്തിക്ക്, അയാൾക്ക് ബോധിപ്പിക്കാനുള്ളത് കമ്മീഷന് മുമ്പാകെ ബോധിപ്പിക്കാൻ ന്യായമായ അവസരം നൽകേണ്ടതും, ഇത്തരം നടപടികൾ സ്വീകരിക്കുന്നതിനായി 8-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന ബെഞ്ചിൽ കമ്മീഷൻ ചെയർപേഴ്സൺ സന്നിഹിതനായിരിക്കേണ്ടതുമാണ്.".

3. <u>6-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 6-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിൽ "2007 ഡിസംബർ 31" എന്ന അക്കങ്ങൾക്കും വാക്കിനും പകരം "2008 ഡിസംബർ 31" എന്ന അക്കങ്ങളും വാക്കും ചേർക്കേണ്ടതാണ്.

4. <u>9 എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.</u>—പ്രധാന ആക്റ്റിലെ 9-ാം വകുപ്പിന് ശേഷം താഴെ പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"9 എ. <u>കടൽക്ഷോഭമോ, മറ്റ് ദുരന്തങ്ങൾ മൂലമോ നാശനഷ്ടം സംഭവിച്ച മത്സ്യബന്ധന ഉപകരണങ്ങൾക്കായി എടുത്ത വായ്പകളുടെ തീർപ്പാക്കൽ.</u>—(1) ഈ ആക്റ്റിൽ ഇതിനു വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ദുരിതബാധിത പ്രദേശത്തെയോ അല്ലാത്തതോ ആയ മത്സ്യത്തൊഴിലാളി ഗ്രാമത്തിലെ മത്സ്യത്തൊഴിലാളികൾ

മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്ന വലയ്ക്കോ പരമ്പരാഗതമോ യന്ത്രവൽകൃതമോ ആയ യാനങ്ങൾക്കോ, കടൽക്ഷോഭമോ മറ്റ് ദുരന്തങ്ങൾ മൂലമോ നഷ്ടമോ കേടുപാടുകൾ തീർക്കാനാവാത്ത വിധം അവയ്ക്ക് നാശമോ ഉണ്ടാവുകയോ ചെയ്തിട്ടുള്ളതായി ജില്ലയിലെ ബന്ധപ്പെട്ട ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നപക്ഷം, വായ്പ തിരിച്ചടവ് സംബന്ധിച്ച കടാശ്വാസത്തിന്റെ പരിധി കാലാകാലങ്ങളിൽ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന പരമാവധി തുകയിൽ കവിയാതെ ഏറ്റെടുക്കുന്നതിന് കമ്മീഷന് സർക്കാരിനോട് ശിപാർശ ചെയ്യാവുന്നതാണ്.

(2) നഷ്ടപ്പെട്ടതോ കേടുപാടുകൾ തീർക്കാനാവാത്തവിധം നാശം സംഭവിച്ചതോ ആയ മത്സ്യബന്ധന ഉപകരണങ്ങൾക്ക് പകരം പുതിയവ സ്വായത്തമാക്കുന്നതിനായി മത്സ്യത്തൊഴിലാളികൾക്ക് പുതിയ വായ്പ അനുവദിക്കുന്നതിന് കമ്മീഷന് ബന്ധപ്പെട്ട മത്സ്യത്തൊഴിലാളി സഹകരണസംഘത്തിന് ഉത്തരവ് നൽകാവുന്നതും ആയതിൻ പ്രകാരം ബന്ധപ്പെട്ട സംഘം പുതിയ വായ്പ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കടം ഏറ്റെടുത്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെയോ, കടാശ്വാസത്തിന് അർഹതയില്ലായെന്ന് കമ്മീഷൻ കണ്ടെത്തുന്നതുവരെയോ, മത്സ്യത്തൊഴിലാളി അടച്ച് തീർക്കേണ്ട കുടിശ്ശിക തുക വസൂലാക്കുന്നതിന് ഉത്തമർണ്ണ സ്ഥാപനം, ധനകാര്യ സ്ഥാപനം എന്നിവ ഒഴികെ യാതൊരാളും യാതൊരു നടപടിയും അങ്ങനെയുള്ള മത്സ്യത്തൊഴിലാളിക്ക് എതിരായി പുതുതായി എടുക്കാൻ പാടില്ലാത്തതും, അങ്ങനെ ആരംഭിച്ചതോ, നടത്തിവരുന്നതോ ആയ ഏതെങ്കിലും വ്യവഹാരമോ അപേക്ഷയോ അപ്പീലോ ഹർജിയോ മറ്റു നടപടിയോ ഉണ്ടെങ്കിൽ ആയത് നിർത്തിവയ്ക്കേണ്ടതുമാണ്." .

5. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് (2018-ലെ 53) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1. കടലിലും ഉൾനാടൻ ജലാശയങ്ങളിലും മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഏറിയപങ്കും വലിയ കടബാദ്ധ്യതയിലാണ്.

2. മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനായി വിവിധ ഏജൻസികളിൽ നിന്നും ബാങ്കുകളിൽ നിന്നും വ്യക്തികളിൽ നിന്നും മറ്റും വർദ്ധിച്ച തോതിൽ പണം കടം വാങ്ങുകയും ഉൽപ്പാദനമാന്ദ്യവും വിലയിടിവും, തൊഴിൽരാഹിത്യവുംമൂലം കടം വീട്ടാനാകാത്ത സ്ഥിതിവിശേഷം വർഷങ്ങളായി നിലനിൽക്കുകയും കടബാദ്ധ്യത വർദ്ധിച്ചുവരികയും ചെയ്തിരിക്കുന്നു.

3. വർഷങ്ങളായി വാങ്ങിയ കടം പലിശ സഹിതം തിരിച്ചടയ്ക്കാനാവാത്തവിധം വർദ്ധിച്ച് കടക്കെണിയിൽ അകപ്പെട്ടിരിക്കുന്നു.

4. പ്രകൃതിക്ഷോഭത്താൽ മത്സ്യബന്ധനയാനങ്ങൾക്കുണ്ടാകുന്ന നഷ്ടത്തിനാൽ മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യത പ്രശ്നം ഗുരുതരമായ വ്യാപ്തിയിൽ വളർന്നിരിക്കുകയാണ്. ധനവാണിഭരംഗത്തെ ഞെരുക്കവും സ്വകാര്യ പണംകൊടുപ്പുകാർ ചുമത്തുന്ന അമിതമായ പലിശനിരക്കും അവരുടെ അന്യായ പ്രവൃത്തികളും ഇവയിൽ ചില കാരണങ്ങളാണ്. ഇത്തരത്തിൽ മത്സ്യത്തൊഴിലാളികൾ ചൂഷണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ അവർക്ക് മതിയായ ആശ്വാസം നൽകേണ്ടത് അത്യാവശ്യമാണെന്ന് സംസ്ഥാന സർക്കാർ കരുതുന്നു.

5. ആയതിനാൽ സർക്കാരോ കമ്മീഷനോ പുറപ്പെടുവിക്കുന്ന ഉത്തരവിനോ അവാർഡിനോ എതിരെ ഏതെങ്കിലും തരത്തിലുള്ള നടപടി, ഉത്തമർണ്ണ സ്ഥാപനം, കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ധനകാര്യ സ്ഥാപനം എന്നിവ ഒഴികെ ഏതൊരാളും സ്വീകരിച്ചാൽ അതിന് കാരണക്കാരായ വ്യക്തികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനായി പ്രധാന ആക്ടിലെ 5-ാം വകുപ്പിന് ഭേദഗതി വരുത്തുന്നതിനായി സർക്കാർ ഉദ്ദേശിക്കുന്നു.

6. ദുരിതബാധിത പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് മാത്രമാണ് കടാശ്വാസം ലഭ്യമാക്കുന്നത്. കടാശ്വാസ നിയമത്തിലെ 6(2) വകുപ്പനുസരിച്ച് 2007 ഡിസംബർ 31 വരെയുള്ള കാലത്തേക്ക് മാത്രമേ സംസ്ഥാനമൊട്ടാകെ ദുരിത ബാധിത പ്രദേശമായി കണക്കാക്കാനാകുകയുള്ളൂ. ആയതിനാൽ കടാശ്വാസം നൽകാൻ ഉദ്ദേശിക്കുന്ന കാലത്തേക്ക്, അത് നൽകാവുന്നവിധം പ്രധാന ആക്ടിലെ 6-ാം വകുപ്പിന് ഭേദഗതി വരുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

7. അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ, കടലാക്രമണം, കാലാവസ്ഥ വ്യതിയാനങ്ങൾ എന്നിവമൂലം മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന തൊഴിൽ നഷ്ടം, മത്സ്യബന്ധനോപകരണങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ മുതലായവമൂലം കൂടുതൽ

കടബാദ്ധ്യതയുണ്ടായിക്കൊണ്ടിരിക്കുന്നു. ആയതിനാൽ കടൽക്ഷോഭമോ മറ്റ് ദുരന്തങ്ങൾ മൂലമോ നാശനഷ്ടം സംഭവിച്ച മത്സ്യബന്ധനോപകരണങ്ങൾക്കായി മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പകൾ തീർപ്പാക്കുന്നത് വ്യവസ്ഥ ചെയ്യുന്നതിനായി 9-ാം വകുപ്പിന് ഭേദഗതി വരുത്തി 9 എ എന്ന പുതിയ ഒരു വകുപ്പ് പ്രധാന ആക്റ്റിൽ കൂട്ടിച്ചേർക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

8. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

നിലവിൽ മത്സ്യത്തൊഴിലാളികൾ 31-12-2007 വരെ സഹകരണബാങ്കുകൾ/ സഹകരണസംഘങ്ങൾ, മത്സ്യഫെഡ്, ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകൾ, മറ്റ് സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്കാണ് കടാശ്വാസം നൽകിവരുന്നത്. മുതൽ ഇനത്തിൽ പരമാവധി 75,000/- രൂപയും പലിശയുടെ 25 ശതമാനവുമാണ് കടാശ്വാസമായി നൽകിവരുന്നത്. 72767 അപേക്ഷകളാണ് കടാശ്വാസത്തിനായി നാളിതുവരെ ശിപാർശ ചെയ്തിട്ടുള്ളത്. കടാശ്വാസമായി ആകെ 315.74 കോടി രൂപ നൽകിയിട്ടുണ്ട്.

കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റിലെ 6-ാം വകുപ്പിലെ ഭേദഗതി പ്രകാരം മത്സ്യത്തൊഴിലാളികൾ 31-12-2008 വരെ എടുത്തിട്ടുള്ള വായ്പകൾ കൂടി കടാശ്വാസത്തിനായി പരിഗണിക്കുമ്പോൾ പ്രതീക്ഷിക്കുന്ന അനാവർത്തക ചെലവ് 15 കോടി രൂപയാണ്. ഈ തുക ഒന്നായി നൽകേണ്ട ആവശ്യമില്ല. സിറ്റിംഗും/അദാലത്തും വഴി കടാശ്വാസത്തിന് അർഹതയുള്ളവരെ കണ്ടെത്തി ഘട്ടം ഘട്ടമായി സമർപ്പിക്കുന്ന പട്ടിക പ്രകാരമുള്ള തുക അനുവദിച്ചാൽ മതിയാകുന്നതാണ്.

കടൽക്ഷോഭമോ മറ്റ് ദുരന്തങ്ങൾമൂലമോ മത്സ്യത്തൊഴിലാളി മത്സ്യബന്ധന ഉപകരണങ്ങൾക്കായി എടുത്ത വായ്പകളുടെ തീർപ്പാക്കലിനായി 9 എ എന്ന ഒരു പുതിയ വകുപ്പ് കൂട്ടിച്ചേർക്കുക വഴി ഒരു വർഷം 2 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്.

കമ്മീഷന്റെ ഭരണച്ചെലവുകൾക്കായി പ്രതിവർഷം ഏകദേശം 1.50 കോടി രൂപ ചെലവ് വരുന്നുണ്ട്. ഇത് കമ്മീഷന്റെ കാലാവധി അവസാനിക്കുന്നതുവരെ ഉണ്ടാകുന്ന ചെലവാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 4-ാം ഖണ്ഡം, കടൽക്ഷോഭമോ മറ്റ് ദുരന്തങ്ങൾമൂലമോ നാശനഷ്ടം സംഭവിച്ച മത്സ്യബന്ധന ഉപകരണങ്ങൾക്കായി എടുത്ത വായ്പ തിരിച്ചടവ് സംബന്ധിച്ച കടാശ്വാസത്തിന്റെ പരിധി കാലാകാലങ്ങളിൽ ഗസറ്റ് വിജ്ഞാപനംവഴി നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ഏതു കാര്യങ്ങൾ സംബന്ധിച്ചാണോ വിജ്ഞാപനം പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയുമാണ്. മാത്രമല്ല, വിജ്ഞാപനം പുറപ്പെടുവിച്ച ശേഷം അവ നിയമസഭയുടെ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ജെ. മേഴ്സിക്കുട്ടി അമ്മ.

## 2008 -ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (2008-ലെ 18)

* * * * * * * *

5. <u>കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും.</u>—(1) ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ അപ്രകാരമുള്ള എല്ലാ അധികാരങ്ങളും കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്, പ്രത്യേകിച്ചും,—

(എ) കമ്മീഷന്, അപേക്ഷയിന്മേലോ അല്ലാതെയോ, അതിന് യുക്തമെന്ന് കരുതുന്ന അത്തരം അന്വേഷണത്തിനുശേഷവും സർക്കാർ ഇതിലേക്കായി നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള പൊതുമാനദണ്ഡങ്ങൾക്ക് വിധേയമായും ഏതെങ്കിലും ജില്ലകളേയോ ജില്ലയേയോ അതിന്റെ ഭാഗങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളി മേഖലയേയോ, നിർദ്ദിഷ്ടകാലത്തേക്ക് ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യുന്നതിനും;

* * * * * * * *

(എച്ച്) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അത്തരം ഏജൻസികളിലൂടെ മത്സ്യത്തൊഴിലാളികളുടെ ഭാവി കടാശ്വാസങ്ങൾ നിറവേറ്റപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ പ്രവർത്തികൾ ചെയ്യുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യുന്നതിനും;

(ഐ) പൊതുവെ മത്സ്യത്തൊഴിലാളികളുടെ കടവുമായി ബന്ധപ്പെട്ട ഏത് കാര്യത്തെക്കുറിച്ചുമുള്ള ആനുകാലിക റിപ്പോർട്ടുകൾ സർക്കാരിന് നൽകുന്നതിനും; കൂടാതെ

(ജെ) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും അത്തരം മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും ചെയ്യുന്നതിനും.

* * * * * * * *

6. കമ്മീഷന് ഈ ആക്റ്റിലോ അതിൻകീഴിലോ ഉള്ള അധികാരങ്ങൾ വിനിയോഗിക്കുന്ന ആവശ്യത്തിലേക്ക് 1908-ലെ സിവിൽ നടപടി നിയമ സംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്)-ൻ കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതെങ്കിലും സാക്ഷിയെ വിളിച്ചുവരുത്തുന്നതിനും ഹാജരാക്കൽ ഉറപ്പുവരുത്തുന്നതിനും സത്യപ്രസ്താവനയിന്മേൽ വിസ്തരിക്കുന്നതിനും;

* * * * * * * *

(ജി) നിർണ്ണയിക്കപ്പെടാവുന്ന രീതിയിലുള്ള മറ്റേതെങ്കിലും കാര്യത്തിനും.

* * * * * * * *

6. <u>ദുരന്തബാധിതപ്രദേശമായി പ്രഖ്യാപിക്കൽ</u>.—(1) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡപ്രകാരമുള്ള ഒരു ശിപാർശ സർക്കാരിൽ ലഭിച്ചാൽ നിർണ്ണയിക്കപ്പെടാവുന്ന സമയപരിധിക്കുള്ളിൽ സർക്കാർ ഉചിതമായ തീരുമാനം എടുക്കേണ്ടതും അതിനനുസൃതമായി ബന്ധപ്പെട്ട ജില്ലകളേയോ ജില്ലയേയോ അതിന്റെ ഭാഗങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളി മേഖലയേയോ ദുരന്തബാധിത പ്രദേശമായി സർക്കാരിന് പ്രഖ്യാപിക്കാവുന്നതുമാണ്.

(2) ഈ ആക്റ്റിലെ മറ്റേതെങ്കിലും വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 2007 ഡിസംബർ 31 വരെയുള്ള മത്സ്യത്തൊഴിലാളികളുടെ എല്ലാ കടങ്ങളും സംബന്ധിച്ച് കേരള സംസ്ഥാനമൊട്ടാകെ ദുരന്തബാധിത പ്രദേശമായി കണക്കാക്കേണ്ടതാണ്.

* * * * * * * *

9. <u>ദുരന്തബാധിതപ്രദേശത്തെ ഒരു മത്സ്യത്തൊഴിലാളി എടുത്ത ചില വായ്പകളുടെ ഒത്തുതീർപ്പിനെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ</u>.—(1) ഈ ആക്റ്റിലോ അല്ലെങ്കിൽ മറ്റേതെങ്കിലും നിയമത്തിലോ കരാറിലോ ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും കമ്മീഷൻ അധികാരപ്പെടുത്തിയിട്ടുള്ള ഒരു അംഗത്തിന് പരസ്പര ധാരണയിലൂടെ,—

(എ) വാണിജ്യ ബാങ്കുകളിൽ നിന്നോ അല്ലെങ്കിൽ മറ്റ് ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നോ ദുരന്തബാധിത പ്രദേശത്തെ മത്സ്യത്തൊഴിലാളി വാങ്ങിയ ഹ്രസ്വകാല വായ്പകളെ മദ്ധ്യകാല വായ്പകളായോ മദ്ധ്യകാല വായ്പകളെ ദീർഘകാല വായ്പകളായോ പുനഃക്രമീകരിക്കുന്നതിനും; അല്ലെങ്കിൽ

* * * * * * * *

(2) (1)-ാം ഉപവകുപ്പ് പ്രകാരം വായ്പയുടെ ഏതെങ്കിലും തീർപ്പാക്കൽ ഉണ്ടാകുന്നിടത്ത്, തീർപ്പാക്കൽ വ്യവസ്ഥ അനുസരിച്ചുള്ള കാലയളവിനുള്ളിൽ അപ്രകാരമുള്ള വായ്പ പലിശയോടുകൂടി ആ ബാങ്കിന് തിരികെ നൽകുന്നതിന് പ്രസ്തുത മത്സ്യത്തൊഴിലാളി ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

* * * * * * * *